# കേരള റൈസ് ലിമിറ്റഡിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി മൾട്ടി പർപ്പസ് വിഭാഗത്തിൽ ഉള്ള വാഹനം മാസവാടകയ്ക്കു വാർഷിക കരാറടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ നോട്ടീസ്

കേരള റൈസ് ലിമിറ്റഡിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി മൾട്ടി പർപ്പസ് വിഭാഗത്തിൽ പെട്ട വാഹനം ഡ്രൈവർ കം അറ്റൻഡർ ഉൾപ്പടെ മാസവാടകയ്ക്കു വാർഷിക കരാറടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനു യോഗ്യരായ കരാറുകാരിൽ നിന്നും താഴെപ്പറയുന്ന നിബന്ധനങ്ങൾക്കു ബാധകമായി മത്സരാധിഷ്ഠിത മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

ടെണ്ടർ സമർപ്പിക്കുന്ന മുദ്ര വച്ച കവറിനു മുകളിൽ എന്തു കാര്യത്തിനാണ് ടെണ്ടർ സമർപ്പിക്കുന്നതെന്നു വ്യക്തമാക്കണം.

## പൊതുവായ കാര്യങ്ങൾ

**1.** ടെണ്ടറിൽ ഏർപ്പെടുന്ന കരാറുകാരൻ ടി വാഹനം മാസത്തിൽ ഏറ്റവും കുറഞ്ഞത് **1500** കിലോ മീറ്റർ ഓടുന്നതിനുള്ള നിരക്കാണ് പ്രതിപാദിക്കേണ്ടത്. കൂടുതൽ ദൂരം ഓടുകയാണെങ്കിൽ ആറു മാസത്തെ ബ്ലോക്ക് പരിഗണിച്ച ശേഷം തുക അനുവദിക്കുന്നതായിരിക്കും.

**2.** ടെണ്ടർ ഫാറത്തിൽ പറഞ്ഞിരിക്കുന്ന വിവിധ സേവനങ്ങൾക്കുള്ള നിരക്കുകൾ പ്രത്യേകമായി പ്രസ്താവിക്കുക.

**i)** ഒരു കലണ്ടർ മാസത്തിൽ **1500** കിലോ മീറ്റർ വരെ ഓടുന്നതിനുള്ള നിരക്ക് ആണ് പ്രസ്താവിക്കേണ്ടത്. ഈ നിരക്കു മാത്രമായിരിക്കും മാസവാടകയായി അംഗീകരിക്കുക.

**ii)** അധികമായി വാഹനം ഓടിയിട്ടുണ്ടെങ്കിൽ ആറു മാസത്തെ ബ്ലോക്ക് പീരിയഡിൽ **(1500 x 6 = 9000** കിലോ മീറ്ററിൽ അധികം**)** ആയതിനു ചാർജ്ജു ചെയ്യേണ്ടുന്ന ഒരു കിലോ മീറ്ററിനു വേണ്ട നിരക്ക്.

**iii)** നിരക്കുകൾ ഡ്രൈവർ കം അറ്റൻഡറുടെ മാസ ശമ്പളമുൾപ്പടെയാകണം.

**iv)** ഡ്രൈവർ കം അറ്റൻഡർ ഡ്രൈവിംഗ് ജോലിക്കൊപ്പം തന്നെ ഏൽപ്പിക്കുന്ന ഓഫീസ് ജോലികളും ചെയ്യാൻ ബാധ്യസ്ഥനാണ്.

## കരാർ വ്യവസ്ഥകൾ

1) വാഹനം 2011 ജൂൺ 1 നു ശേഷം രജിസ്ട്രർ ചെയ്യതാകണം.

2) 2.5 ലക്ഷം കിലോ മീറ്ററിൽ താഴെ ഓടിയ വാഹനമാകണം.

3) കരാർ കാലയളവിൽ വാഹനത്തിനു വേണ്ട മാസം 1500 കിലോ മീറ്റർ വരെ ഓടുന്നതിനുള്ള ഇന്ധനം, പരിപാലന ചെലവുകൾ, ഇൻഷുറൻസ്, റോഡ് ടാക്സ്, ഡ്രൈവർ കം അറ്റൻഡറുടെ ശമ്പളം മുതലായവ കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

4) വാഹനം കേരള റൈസ് ലമിറ്റഡിന്റെ ആവശ്യങ്ങൾക്കായി പൂർണ്ണമായും വിട്ടു നൽകേണ്ടതാണ്.

5) ഏതെങ്കിലും തരത്തിൽ കരാറിൽ നൽകിയിരിക്കുന്ന വാഹനത്തിനു അപകടമുണ്ടാകുകയോ വാഹനത്തിനു മറ്റു കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ ആയതു കരാറുകാരൻ തന്നെ ശരിയാക്കി നൽകേണ്ടതാണ്. ടി സമയത്തു സമാനരീതിയിലുള്ള മറ്റൊരു വാഹനം കരാറുകാരന്റെ ചെലവിൽ കമ്പനിക്കു നൽകേണ്ടതാണ്. വാഹനം പരിപാലിക്കുന്നതുമായ എല്ലാ ചെലവുകളും കരാറുകാരൻ തന്നെ വഹിക്കേണ്ടതുമാണ്.

6) ഏതെങ്കിലും കാരണത്താൽ വാഹനം ലഭ്യമാക്കാതിരുന്നാൽ ആയതിനു കരാറുകാരനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനു കമ്പനിക്കു അധികാരം ഉണ്ടായിരിക്കുന്നതാണ്. കരാർ തുകയെ 25 ആയി ഭാഗിച്ചു ആയതിനെ 1.25 കൊണ്ടു ഗുണിച്ചു കിട്ടുന്ന തുകയായിരിക്കും ഒരു ദിവസത്തെ നഷ്ടപരിഹാരമായി കണക്കാക്കുന്നത്.

7) ഒരാഴ്ചയിൽ കൂടുതൽ വാഹനം ലഭ്യമാക്കാതിരുന്നാൽ ആയതു കരാറിന്റെ ലംഘനമായി കണക്കാകുകയും നിർവ്വഹണ ജാമ്യത്തുക കണ്ടുകെട്ടുകയും ചെയ്യും.

8) ഏതെങ്കിലും തരത്തിൽ അധിക കിലോ മീറ്റർ ഓടിയിട്ടുണ്ടെങ്കിൽ ആയതു ആറു മാസത്തെ ബ്ലോക്ക് കാലാവധി നോക്കിയ ശേഷം കരാറിൽ ഏർപ്പെട്ടിരിക്കുന്ന നിശ്ചിത തുകയ്ക്കു കമ്പനി ബോർഡിന്റെ അനുമതിയോടെ അനുവദിക്കുന്നതായിരിക്കും.

9) കേരള റൈസ് ലിമിറ്റഡുമായി ഒരിക്കൽ ഏർപ്പെടുന്ന നിരക്കും വ്യവസ്ഥകളും കരാർ കാലാവധി കാലത്ത് മാറ്റുന്നതല്ല. കരാർ കാലാവധി സാധാരണഗതിയിൽ ഒരു വർഷത്തേക്കാണ് ഏർപ്പെടുന്നത്. എന്നിരുന്നാലും ഇന്ധനത്തിന് വിപണി വിലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് ആനുപാതികമായി കരാറുകാരന് നിരക്ക് കൂട്ടിയോ കുറച്ചോ അപേക്ഷ സമർപ്പിക്കാവുന്നതും ആയതിൻ മേൽ

എന്തു തീരുമാനം എടുക്കുന്നതിനും കേരള റൈസ് ലിമിറ്റഡിനു അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

10) കരാറിന്റെ കാലാവധി ഒരു വർഷമായിരിക്കും. എന്നാൽ ഇരു വിഭാഗത്തിനും ഒരു മാസത്തെ നോട്ടീസ് നൽകി കരാറിൽ നിന്നും പിന്മാറാൻ അവസരം ഉണ്ടായിരിക്കുന്നതാണ്.

11) വാഹനത്തിന്റെ ലോഗ് ബുക്ക് ഡ്രൈവർ കം അറ്റൻഡർ ദിവസവും രേഖപ്പെടുത്തേണ്ടതും ആയതു ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തുല്യം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

12) മാസം തോറും ബില്ലു സമർപ്പിക്കുമ്പോൾ ടി ലോഗ് ബുക്ക് കൂടി സമർപ്പിക്കേണ്ടതാണ്. ആയതു പരിശോധിച്ചായിരിക്കും ബില്ലു പാസാക്കുന്നത്. കരാർ അവസാനിപ്പിച്ചു പോകുമ്പോൾ ടി ലോഗ് ബുക്ക് കമ്പനിയിൽ തിരിച്ചേൽപ്പിക്കേണ്ടതുമാണ്.

13) കരാറിനു നൽകുന്ന വാഹനത്തിൽ ഏതെങ്കിലും തരത്തിലുള്ള സ്റ്റിക്കറുകളോ ടിൻന്റഡ് ഫിലിമുകളോ രാഷ്ട്രീയ/മത ചിഹ്നങ്ങളോ പ്രദർശിപ്പിക്കാൻ പാടില്ലാത്തതും ആകുന്നു. നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങൾ പാലിച്ചായിരിക്കണം വാഹനം നിരത്തിലിറക്കേണ്ടതും പരിപാലിക്കേണ്ടതും.

14) ടെണ്ടർ ഫാറം കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. ഫാറം ₹ 500 (ജി.എസ്.ടി പുറമേ) നിരക്കിൽ കേരള റൈസ് ലിമിറ്റഡ്, കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട് ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ രാവിലെ 09:30നും വൈകീട്ട് 5 നും മുന്നേ വാങ്ങാവുന്നതാണ്. അവസാന തീയതി 25.07.2024 ന് 4 മണി വരെ ആണ്.

15) ടെണ്ടർ സമർപ്പിക്കുന്നവർ 12,000 രൂപയുടെ നിരതദ്രവ്യം മാനേജിംഗ് ഡയറക്ടർ, കേരള റൈസ് ലിമിറ്റഡിനു പേരിൽ ഡി.ഡി ആയോ ബാങ്ക് ട്രാൻസ്ഫർ ആയോ സമർപ്പിക്കേണ്ടതാണ്. കരാർ ഉറപ്പിക്കുന്ന മുറയ്ക്ക് മറ്റുള്ളവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്. ഉറപ്പിച്ച കരാറുകാരന്റെ നിരതദ്രവ്യം നിർവ്വഹണ ജാമ്യത്തുകയായി കരുതുകയും ആയതു കരാർ കാലാവധി കഴിഞ്ഞ ശേഷം പലിശ രഹിതമായി തിരികെ നൽകുന്നതുമാണ്.

16) ഏറ്റവും കുറഞ്ഞ തുക ആവശ്യപ്പെടുന്ന കരാറുകാരനുമായി ആയിരിക്കും കമ്പനി ഉടമ്പടിയിൽ ഏർപ്പെടുന്നത്.

17) യാതൊരു കാരണവും ബോധിപ്പിക്കാതെ ഈ ടെണ്ടർ തള്ളാനുള്ള എല്ലാ അവകാശവും കേരള റൈസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. കൂടാതെ ടെണ്ടറിൽ പറഞ്ഞിരിക്കുന്നതിൽ കൂടുതൽ

വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനോ അവ നിരസിക്കുന്നതിനോ ഉള്ള അധികാരവും മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

18) ഈ കരാറുമായി ഏതെങ്കിലും തരത്തിലുള്ള തർക്കങ്ങൾ ഉണ്ടായാൽ ആയതു കേരള റൈസ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ കേൾക്കുകയും അവർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

19) കരാറുമായി ബന്ധപ്പെട്ട ടെണ്ടർ രേഖകൾ എല്ലാം കരാറുകാർ വായിച്ചു മനസ്സിലാക്കി എല്ലാ പേജുകളിലും തുല്യം ചാർത്തി വേണം സമർപ്പിക്കാൻ.

മാനേജിംഗ് ഡയറക്ടർ
കേരള റൈസ് ലിമിറ്റഡ്
മെഗാ ഫുഡ് പാർക്ക് കാമ്പസ്
ബ്ലൂബെറി റോഡ്, കോഴിപ്പാറ പോസ്റ്റ്
കഞ്ചിക്കോട്, പാലക്കാട്

ഞാൻ/ഞങ്ങൾ മേൽപ്പറഞ്ഞ കരാർ വ്യവസ്ഥകൾ വായിച്ചു ബോധ്യപ്പെട്ടു. ഈ ടെണ്ടർ വ്യവസ്ഥകൾ അംഗീകരിച്ചു കൊണ്ട് മറ്റു വ്യവസ്ഥകൾ ഒന്നുമില്ലാതെ നിരുപാധികം ഈ ടെണ്ടറിൽ പങ്കെടുക്കുകയും ആയതിനു നിരക്കുകൾ മുദ്രവച്ച കവറിൽ സമർപ്പിക്കാമെന്നും സമ്മതിക്കുന്നു.

സ്ഥലം:

കരാറുകാരൻ

തീയതി:

## ദർഘാസ് ഫാറം

## കരാറടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ

| | |
|---|---|
| 1. ടെണ്ടർ നമ്പർ | കെ.ആർ.എൽ/ടെണ്ടർ/2024-25/01 |
| 2. കരാറുകാരന്റെ പേരും വിലാസവും ഫോൺ നമ്പർ സഹിതം | |
| 3. വാഹനത്തിന്റെ നിർമ്മിതി | |
| 4. വാഹനത്തിന്റെ വിവരങ്ങൾ | |
| i. നിർമ്മിച്ച വർഷം | |
| ii. എഞ്ചിൻ കപ്പാസിറ്റി | |
| iii. മോഡൽ | |
| iv. ആദ്യമായി രജിസ്ട്രർ ചെയ്ത തീയതിയും നമ്പരും | |
| v. നിലവിലെ ഓഡോമീറ്റർ റീഡിംഗ് (പരിശോധനയ്ക്ക് വിധേയമാക്കും) | |
| 5.1 മാസത്തിൽ 1500 കിലോമീറ്റർ ഓടുന്നതിനു 325 ഡ്രൈവിംഗ് മണിക്കൂർ അടക്കം (5.3 വകുപ്പിനു വിധേയമായി) | |
| 5.2 മാസം 325 മണിക്കൂറിൽ കൂടുതൽ അധികമായി ഓടുന്നതിനു ഡ്രൈവർ കം അറ്റൻഡർക്കു വേണ്ടുന്ന ബാറ്റ | |
| 5.3 ആറു മാസത്തിൽ 9000 കിലോമീറ്ററിൽ അധികമായി ഓടേണ്ടി വന്നാൽ ഒരു കിലോമീറ്ററിനു അധികമായി നൽകേണ്ട നിരക്ക് | |
| 5.4 ജില്ലയ്ക്കു പുറത്തു യാത്ര ചെയ്യേണ്ടി വരുകയും പുറത്തു തങ്ങുകയും ചെയ്യേണ്ടി വന്നാൽ ഡ്രൈവർ കം | |

| | |
|---|---|
| അറ്റൻഡർക്കു നൽകേണ്ടുന്ന പ്രതിദിന ബാറ്റ | |

കേരള റൈസ് ലിമിറ്റഡ് നിശ്ചയിച്ചിരിക്കുന്ന വ്യവസ്ഥകൾക്കു അംഗീകരിച്ചു കൊണ്ട് മേൽപ്പറഞ്ഞ നിരക്കുകൾക്ക് വാഹനം കരാർ അടിസ്ഥാനത്തിൽ നൽകുന്നതിനു ഞാൻ സന്നദ്ധനാണ്.

സ്ഥലം:

തീയതി:

ഒപ്പ്:

കരാറുകാരന്റെ പേരും

വിലാസവും :

സാക്ഷികൾ

1.

2.